പതിനാലാം കേരള നിയമ സഭ
അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ 5788 25.5.2017 ലെ മറുപടിക്ക്

## കയർ മേഖലയിൽ പ്രവർത്തിക്കുന്നവർക്കുള്ള സഹായങ്ങൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീമതി യു. പ്രതിഭ ഹരി<br>ശ്രീ.എം. നൗഷാദ്<br>ശ്രീ. പുരുഷൻ കടലുണ്ടി<br>ശ്രീ. മുരളി പെരുനെല്ലി | ഡോ.ടി.എം.തോമസ് ഐസക്<br>(ധനകാര്യവും കയറും വകുപ്പ് മന്ത്രി) |

| | |
|---|---|
| എ) കയർ സഹകരണ സംഘങ്ങൾക്ക് ഓട്ടോമാറ്റിക് സ്പിന്നിംഗ് മെഷീനുകൾ ലഭ്യമാക്കുന്നതിനുള്ള പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ; | എ) ഉണ്ട്. 76 ആട്ടോമാറ്റിക് സ്പിന്നിംഗ് മെഷീനുകൾ വാങ്ങുന്നതിനുള്ള ഫണ്ട് സംഘങ്ങൾക്ക് അനുവദിച്ചിട്ടുണ്ട്. 101 കയർ സഹകരണ സംഘങ്ങളിൽ ഇലക്ട്രോണിക് റാട്ടുകൾ ഉപയോഗിക്കുന്നു. 55 കയർ സഹകരണ സംഘങ്ങളും 6 സ്വകാര്യ സംരംഭങ്ങളും ഉൾപ്പെടെ 61 സ്ഥാപനങ്ങൾ ഡി.എഫ് മെഷീനും ഉപയോഗിക്കുന്നുണ്ട്. |
| ബി) ഈ മേഖലയിലെ സ്വകാര്യ നിക്ഷേപകർക്ക് കയർ ബോർഡ് എന്തെല്ലാം സഹായങ്ങളാണ് നൽകി വരുന്നത്; | ബി)സ്വകാര്യ നിക്ഷേപകർക്ക് കയർ ബോർഡ് ചുവടെ പറയുന്ന പദ്ധതികൾ മുഖേന സഹായങ്ങൾ നൽകി വരുന്നു.<br><br>1. <u>കയർ വികാസ് യോജന</u>: ആഭ്യന്തര - വിദേശ മാർക്കറ്റ് വികസനം, സ്കിൽ ട്രയിനിംഗ്, വനിതാ ശാക്തീകരണം, സംരംഭകത്വ വികസനം.<br>2. <u>SFURTI</u> : സ്കീം ഓഫ് ഫണ്ട് ഫോർ റീജനറേഷൻ ഓഫ് ട്രഡീഷണൽ ഇൻഡസ്ട്രീസ് - കയർ ക്ലസ്റ്ററുകൾക്ക് സഹായം നൽകുന്നു. (75%)<br>3. <u>കയർ ഉദ്യമി യോജന</u> : കയർ വ്യവസായ യൂണിറ്റുകൾ സ്ഥാപിക്കുന്നതിന് 10 ലക്ഷം രൂപ വരെ മൂലധനമുള്ള യൂണിറ്റുകൾക്ക് 55% ബാങ്ക് വായ്പ, 40% സബ്സിഡി എന്ന രീതിയിൽ സഹായം നൽകുന്നു. 5% ഗുണഭോക്തൃ വിഹിതമായിരിക്കും.<br>4. <u>എക്സ്പോർട്ട് മാർക്കറ്റ് പ്രൊമോഷൻ സ്കീം</u>: വിദേശമേഖലകളിലും ബയർ - സെല്ലർ മീറ്റുകളിലും പങ്കെടുക്കുന്നതിന് സഹായം നൽകുന്നു.<br>5. <u>ഡെവലപ്പ്മെൻറ് ഓഫ് പ്രൊഡക്ഷൻ ഇൻഫ്രാസ്ട്രക്ച്ചർ സ്കീം ഫോർ കയർ യൂണിറ്റ്സ്</u>: പുതിയ യൂണിറ്റുകൾ ആരംഭിക്കുന്നതിനും നിലവിലുള്ളവയുടെ നവീകരണത്തിനും Fixed Capital Investment എന്ന നിലയിൽ 25% സബ്സിഡി. ഡി.എഫ് യൂണിറ്റിന് 6 ലക്ഷം രൂപ, ആട്ടോമാറ്റിക് സ്പിന്നിംഗ് മെഷീൻ യൂണിറ്റിന് 4 ലക്ഷം രൂപ, നിലവിലെ യൂണിറ്റ് നവീകരണത്തിന് 2 ലക്ഷം രൂപ, കോമ്പസിറ്റ് & മൾട്ടിപ്പിൾ യൂണിറ്റിന് 9 ലക്ഷം രൂപ. |

| | |
|---|---|
| | 6. <u>സ്കിൽ അപ്ഗ്രേഡേഷൻ ക്വാളിറ്റി ഇംപ്രൂവ്മെൻറ് സ്കീം</u><br>സ്കിൽ ട്രയിനിംഗ് -സംരഭകത്വ വികസന പദ്ധതി മോട്ടറൈസ്ഡ് ട്രഡീഷണൽ റാട്ടിന് 3200/ രൂപ, മോട്ടറൈസ്ഡ് റാട്ടിന് 7500/രൂപ കയർ ബോർഡിൽ നിന്നും വനിതാ കയർ തൊഴിലാളികൾക്ക് നൽകുന്നു.<br>7. <u>സയൻസ് ആൻറ് ടെക്നോളജി സ്കീം</u>: ടെക്നോളജി ട്രാൻസ്ഫറിനും, ടെസ്റ്റിംഗ്സ് & സർവ്വീസ് ഫെസിലിറ്റികൾക്കുമായി നൽകിവരുന്നു.<br>8. <u>പ്രധാനമന്ത്രി സുരക്ഷാ ബീമ യോജന</u>: PMSBY- കയർ തൊഴിലാളികൾക്ക് 12 രൂപ നിരക്കിൽ ഗ്രൂപ്പ് ഇൻഷ്വറൻസ് പദ്ധതി<br>9. <u>ട്രേഡ് ആൻറ് ഇൻഡസ്ട്രി റിലേറ്റഡ് ഫങ്ഷണൽ സപ്പോർട്ട് സർവ്വീസ് സ്കീം</u>: കയറ്റുമതി ഡിമാൻറ് സംബന്ധിച്ച വിവരങ്ങൾ നൽകുന്നു. സർവ്വേ സ്റ്റഡി റിപ്പോർട്ടുകൾ തയ്യാറാക്കുന്നു. നൂതന സാങ്കേതിക വിദ്യയിൽ മനുഷ്യ വിഭവ ശേഷി വികസന പരിപാടികൾ നടത്തുന്നു. |
| സി) പ്രസ്തുത സഹായത്തിന് പുറമേ ഇവർക്ക് സംസ്ഥാന സർക്കാർ സബ്സിഡി നൽകാൻ ഉദ്ദേശിക്കുന്നുണ്ടോ; | സി) ഉത്പന്നമേഖലയിൽ ആരംഭിക്കുന്ന സംരംഭങ്ങൾക്ക് കയർബോർഡ് സബ്സിഡിക്ക് പുറമേ 10% അധിക സബ്സിഡി നൽകുന്ന പദ്ധതി 2016 - 17 ലെ സംസ്ഥാന ബഡ്ജറ്റിൽ പ്രഖ്യാപിച്ചിട്ടുള്ളതാണ്. ഈ സാമ്പത്തിക വർഷം അപേക്ഷ ലഭിക്കുന്ന മുറയ്ക്ക് പദ്ധതി നടപ്പാക്കുന്നതാണ്. |
| ഡി) ഫോം മാറ്റിംഗ്സിന്റെ കീഴിൽ കയർ കോമ്പോസിറ്റ് ഫാക്ടറി ആരംഭിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദാംശം നൽകുമോ? | ഡി) ആലപ്പുഴ ജില്ലയിലെ കണിച്ചുകുളങ്ങരയിൽ ഫോം മാറ്റിംഗ്സിൻറെ ആഭിമുഖ്യത്തിൽ കയർ കോമ്പോസിറ്റ് ഫാക്ടറി ആരംഭിക്കുന്നതിന് നടപടി സ്വീകരിച്ചുകഴിഞ്ഞിട്ടുണ്ട്. ഇതിനായി നാളിതുവരെ 5,56,24,000/ രൂപ അനുവദിച്ചിട്ടുണ്ട്. ഫാക്ടറി നിർമ്മാണം പുരോഗമിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ